# കുടുംബശ്രീ സി ഡി എസ്

## കാട്ടൂർ ഗ്രാമ  പഞ്ചായത്ത്

# ആമുഖം

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന നാലു പഞ്ചായത്തുകളിൽ ഒന്നാണ് കാട്ടൂർ ഗ്രാമപഞ്ചായത്. 11.70.ച.കി.മി.വിസ്തീർണത്തിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന്റെ വടക്കെ അതിരിലായി കരുവന്നൂർ പുഴയും പടിഞ്ഞാറേ അതിരിലായി കനോലി കനാലും കിഴക്കെ അതിരിലായി കാറളം പഞ്ചായത്തുംതെക്കെ അതിരിലായി പടിയൂർ പഞ്ചായത്തുസ്ഥിതിചെയ്യുന്നുറോമൻകത്തോലിക്കാ പള്ളി ഭരണാധികാരികൾ സർക്കാർഓഫീസുകൾക്കായി വിട്ടുകൊടുത്ത സ്ഥലത്തു കൊച്ചിൻ സർക്കാർ സ്ഥാപിച്ച കെട്ടിടത്തിലാണ് ഇന്ന് ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നതു .സബ് രജിസ്ട്രാർഓഫീസ്,വില്ലേജ് ഓഫീസ് ,മൃഗാശുപത്രി ,എൽ .എസ .ജി.ഡി ഓഫീസ് ,കൃഷിഭവൻ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് ,കുടുംബശ്രീ ഓഫീസ് തുടങ്ങിയവയും ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു .നിലവിൽ 14 വാർഡുകളുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ18017 ആണ് .അതിൽ 8315പുരുഷന്മാരും 9702 സ്ത്രീ കളുംആണ് ഉള്ളത് . കൃഷിയും മൃഗസംരക്ഷണവും ആണ് ഇവിടുത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ.

കാട്ടൂർ സി ഡി എ സിൽ 14 എ ഡി എ സു കളിലായി 2345 കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന വനിതകൾ ഉൾപ്പെട്ട 140 അയൽക്കൂട്ടങ്ങളും 16 വയോജന അയൽക്കൂട്ടങ്ങളും 6 P WD അയൽക്കൂട്ടങ്ങളും അഫിലിയേറ്റ് ചെയ്തുപ്രവർത്തിച്ചു വരുന്നു .പ്രസ്തുത അയൽക്കൂട്ടങ്ങളിലായി 32 ജെ ൽ ജി യും,30 ബാലസഭയും 12 സംരംഭക യൂണിറ്റുകളുമാണ് ഉള്ളത് .

## കൊറോണക്കാലത്തെ പ്രവർത്തനങ്ങൾ

1. കുടുംബശ്രീ അംഗങ്ങൾക്കു വിവരങ്ങൾ യഥാ സമയം എത്തിക്കുന്നതിന് വേണ്ടി സി ഡി എ സ് , എ ഡി എ സ്,അയൽക്കൂട്ട തലങ്ങളിൽ വരെ വാട്ട് അപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു .മുകളിൽ നിന്ന് വരുന്ന നിർദേശങ്ങൾ സമയ ബന്ധിതമായി കൈമാറി വരുന്നു .

2 . ലോക്ക് ഡൌൺ ആരംഭിച്ച സമയത്തു ഭക്ഷണത്തിന് ബുദ്ധിമുട്ടു അനുഭവിച്ച എല്ലാവര്ക്കും വേണ്ടി കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയും അതിലേയ്ക്ക് ആവശ്യമായ പലചരക്കു കുടുംബശ്രീ അംഗങ്ങൾ എത്തിച്ചു നൽകുകയും ജെ എ ൽ ജി അംഗങ്ങൾ അവർക്കുണ്ടായ പച്ചക്കറികൾ എത്തിച്ചു നൽകുകയും ചെയ്തു. 40 ദിവസം നീണ്ടു നിന്ന പ്രവർത്തനത്തിനു ശേഷം ജനകീയ ഭക്ഷണ ശാല ആക്കി

മാറ്റി. ഇപ്പോൾ 20 രൂപ നിരക്കിൽ അവശ്യ ക്കാർക്ക് ഭക്ഷണം പാർസൽ ആയി നൽകി വരുന്നു.



3 .ബാല സഭ കുട്ടികൾക്ക് വേണ്ടി വിവിധങ്ങളായ പ്രവർത്തനങ്ങൾ (ഓലപ്പീപ്പി- ബോട്ടിൽ ആർട്ട് ,പേപ്പർ ക്രാഫ്റ്റ് ,ക്ലേ മോഡലിംഗ് ,തുടങ്ങിയവ) സംഘടിപ്പിച്ചു .ബാല കൃഷി ആരംഭിച്ചു .



4. ആശ്രയ ഗുണഭോക്താക്കളെ വിളിച്ചു അവരുടെ സുഖ വിവരങ്ങൾ അന്വേഷിക്കുകയും പോഷകാഹാര കിറ്റുകൾ വീടുകളിൽ എത്തിച്ചു നൽകുകയും ചെയ്തു .

5. ഇന്നെലെകളിലേയ്ക്ക് ഒരു യാത്ര വയോജന ക്യാമ്പയിൻ സംഘടിപ്പിക്കുകയും വയോജനങ്ങൾ പറഞ്ഞു കൊടുത്ത കാര്യങ്ങൾ എ ഡി എ സ് എഴുതി എടുക്കുകയും ചെയ്തു .

6. സന്നദ്ധ സേനയിൽ ചേരുന്നതിനായി അയൽക്കൂട്ടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു അവരെ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സഹായിച്ചു

7. വിവിധ സംരംഭക യൂണിറ്റ്കൾ മാസ്കുകളും തുണിസഞ്ചികളും ഉണ്ടാക്കി വിതരണം ചെയ്തു .മാസ്കുകൾ സൗജന്യമായി വയോജന അയൽക്കൂട്ട അംഗങ്ങൾക്കും പോലീസ് സ്റ്റേഷനിലും നൽകി .സപ്ലൈകോ യിലേക്ക് ആവശ്യമായ തുണിസഞ്ചി നിർമിച്ചു നൽകി

8. മുഖ്യമന്ത്ര മുഖ്യ മന്ത്രി യുടെ സഹായ ഹസ്തം വായ്പ പദ്ധതി ലോൺ ആവശ്യമുള്ള ഗ്രൂപ്പുകളുടെ അപേക്ഷകൾ യഥാ സമയം ബാങ്കുകളിൽ എത്തിച്ചു




## സംയോജന പദ്ധതികൾ

**1** .ആരോഗ്യ പ്രവർത്തകരുമായി ചേർന്നു ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു .അതിനു വേണ്ടി പോസ്റ്ററുകൾ തയ്യാറാക്കി ഗ്രൂപുകളിൽ ഷെയർ ചെയ്തു



2. പോലീസിന് സൗജന്യമായി മാസ്ക് തയ്ച്ചു കൊടുത്തു .ലോക്ക് ഡൌൺ കാലത്തു അനാവശ്യ മായി പുറത്തിറാകുന്നവരെ ചെക്ക് ചെയ്യാൻ വെയിൽ കൊണ്ട് നിന്ന പോലീസിന് പഗോഡ കൊണ്ട് പന്തലൊരുക്കി കൊടുത്തു




## ഭാവിപ്രവർത്തനം

1 . എല്ലാ കുടുംബശ്രീ കുടുംബങ്ങളിലും അടുക്കള തോട്ടം നിർമാണം

തയ്യാറാക്കിയത്

അമിത മനോജ്
ചെയർപേഴ്സൺ
കാട്ടൂർ സി ഡി എ സ്
9562759691

അർച്ചന സി ആർ
ബ്ലോക്ക് കോ - ഓർഡിനേറ്റർ
എം ഐ എ സ് &ഓർഗനൈസേഷൻ
ഇരിഞ്ഞാലക്കുട ബ്ലോക്ക്
9446257854